ല്ലെന്നു്, പാക്കിസ്ഥാനിലെ 'ഡോൺ' പത്രം മാർച്ച് 17–ാം തീയതി എഴുതിയ ഒരു മുഖപ്രസംഗത്തിൽ പ്രസ്താവിക്കുന്നു. മഹൻജദരോവിനെ സംരക്ഷിക്കാൻ യൂനെസ്കോവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രവർത്തനങ്ങളെ ഒരു അവസരമായി ഉപയോഗപ്പെടുത്തി, പാക്കിസ്ഥാനിലെ പുരാതത്ത്വ–ചരിത്ര അവശിഷ്ടങ്ങൾ സംരക്ഷിക്കേണ്ട ചുമതല തങ്ങൾക്കാണെന്ന ബോധം പാക്കിസ്ഥാനിലെ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും ഉളവാക്കുന്നതിനുള്ള ഒരു പ്രസ്ഥാനം ആരംഭിക്കേണ്ടതുണ്ടെന്നു് ആ പത്രം തുടർന്നു പറയുന്നു. സിന്ധുനാഗരികതയുടെ പത്തിലൊരുഭാഗം മാത്രമേ ഉൽഖനനംചെയ്യപ്പെട്ടിട്ടുള്ളു. പത്തിൽ ഒമ്പതു ഭാഗവും ഇപ്പോഴും മണ്ണിനടിയിൽ പുതഞ്ഞുകിടക്കുകയാണെന്നത്രേ ബഹുജനവിശ്വാസം. മനുഷ്യചരിത്രത്തിലെ ഉജ്ജ്വലങ്ങളും ദീർഘങ്ങളുമായ ഏതാനും അദ്ധ്യായങ്ങൾ ശരിക്കും പഠിച്ചു മനസ്സിലാക്കാനുപകരിക്കുന്നവയാണു് സൈന്ധവനാഗരികതയുടെ അവശിഷ്ടങ്ങൾ. അവ സംരക്ഷിക്കുന്നതിൽ പാക്കിസ്ഥാൻ സർക്കാരിനുള്ളത്ര ബാധ്യത ഇന്ത്യൻ സർക്കാരിനുമുണ്ടു്.

(1 മെയ്, 1983)

## 79. തക്ഷശില

പ്രാചീനലോകത്തിൽ അതിപ്രസിദ്ധമായ ഒരു വിദ്യാകേന്ദ്രമായിരുന്നു തക്ഷശില. ഇന്ത്യയിൽ മാത്രമല്ല, ഗ്രീസിലും റോമിലും മെഡിററേനിയൻ കടൽത്തീരങ്ങളിലും മദ്ധ്യേഷ്യയിലും ചൈനയിലും തക്ഷശിലയുടെ പ്രശസ്തി പരന്നിരുന്നു. ബുദ്ധഭഗവാൻ ജനിക്കുന്നതിനുമുമ്പുതന്നെ തക്ഷശിലയിലേക്കു് ഈ വിദൂരപ്രദേശങ്ങളിൽനിന്നു വിദ്യാർത്ഥികൾ പ്രവഹിച്ചുതുടങ്ങിയിരുന്നു. തക്ഷശിലയിൽ നടന്നുവന്ന ശാസ്ത്രകാരപരീക്ഷകളിൽ ജയിച്ചവരാണു് പിന്നീടു് ശാസ്ത്രജ്ഞന്മാരായി പ്രാചീനഭാരതത്തിൽ അറിയപ്പെട്ടിരുന്നതു്. വ്യാകരണാചാര്യനായ പാണിനി, പാണിനിയുടെ ഗുരുവായിരുന്ന വർഷൻ, മഹാഭാരതത്തോളം വലിപ്പമുണ്ടായിരുന്ന 'സംഗ്രഹം' എന്ന വ്യാകരണഗ്രന്ഥം നിർമിച്ച വ്യാഡി, വ്യാകരണവാർത്തികങ്ങൾ രചിച്ച വരരുചി, വ്യാകരണമഹാഭാഷ്യകാരനായ പതഞ്ജലി, സംസ്കൃതത്തിലെ ഛന്ദശ്ശാസ്ത്രം നിർമിച്ച പിംഗളൻ, അദ്വൈതവേദാന്തശാസ്ത്രത്തിന്റെ സ്ഥാപകരിൽ ഒരാളായ ഉപവർഷൻ എന്നിവർ തക്ഷശിലയിലെ ശാസ്ത്രകാരപരീക്ഷ ജയിച്ചിട്ടുണ്ടെന്നു് ഐതിഹ്യം ഘോഷിക്കുന്നു. അരിസ്റ്റോട്ടലിന്റെ ശിഷ്യനായ മഹാനായ അലക്സാണ്ടർ തന്റെ ദിഗ്വിജയത്തിനിടയ്ക്കു ക്രിസ്തുവിനുമുമ്പു് 326–ാമാണ്ടിൽ, തക്ഷശിലയിലെത്തി അവിടത്തെ ബൗദ്ധപണ്ഡിതന്മാരുമായി സംവാദങ്ങൾ നടത്തിയിട്ടുണ്ടു്. വേദങ്ങൾ, മതഗ്രന്ഥങ്ങൾ, തത്ത്വശാസ്ത്രം, യോഗശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, യുദ്ധതന്ത്രം, അർത്ഥശാസ്ത്രം, ധനുർവിദ്യ, ഇതിഹാസപുരാണങ്ങൾ, സാഹിത്യം മുതലായ പ്രാചീനലോകത്തിലെ എല്ലാ പഠനവിഷയങ്ങളും തക്ഷശിലയിലെ ആചാര്യന്മാർ വിദഗ്ദ്ധമായി കൈകാര്യംചെയ്തിരുന്നു.

പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽനിന്നു നാല്പതു കി. മീ. വടക്കു പടിഞ്ഞാറാണു തക്ഷശിലയെന്ന പ്രാചീനനഗരിയുടെ സ്ഥാനം. ബ്രിട്ടീഷ് ഭരണകാലത്തു് ഇവിടെ നടന്ന ഉൽഖനനങ്ങളുടെ

ഫലമായി, ക്രിസ്തുവിനുമുമ്പ് 600–ാമാണ്ടു മുതൽ ക്രിസ്തുവിനുശേഷം 800–ാമാണ്ടുവരെയുള്ള ആയിരം വർഷങ്ങളിൽ ഈ പ്രദേശത്തു് ഒന്നിനു പിമ്പ് ഒന്നായി നിലവിലിരുന്ന മൂന്നു നഗരങ്ങളുടെ നഷ്ടാവശിഷ്ടങ്ങളം മണ്ണിനടിയിൽനിന്നു പുറത്തെടുക്കപ്പെട്ടിട്ടുണ്ടു്.

ചൈനയിൽനിന്നു മദ്ധ്യേഷ്യയിലൂടെ യൂറോപ്പിൽ സ്പെയിൻവരെ പോകുന്ന പഴയ വണിക്പഥത്തിലെ ഒരു പ്രധാന കേന്ദ്രമായിരുന്ന തക്ഷശിലയിൽനിന്നു് അന്നു് അറിയപ്പെട്ട ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും നിരത്തുകൾ നീണ്ടുകിടന്നിരുന്നു. ഉത്തരേന്ത്യയിലെ പല രാജവംശങ്ങളും തക്ഷശില തങ്ങളുടെ രാജധാനിയാക്കിയതിനു കാരണം അതിന്റെ ഈ കേന്ദ്രസ്ഥാനീയതയാവാം. മദ്ധ്യേഷ്യയിൽനിന്നു വന്നു് ഭാരതീയരായിത്തീർന്ന കുഷാണരാജാക്കന്മാരുടെ കാലത്താണു തക്ഷശിലയുടെ പ്രഭാവം അത്യുച്ചാവസ്ഥയിലെത്തിയതെന്നു കരുതപ്പെടുന്നു. അവരുടെ കീഴിൽ തക്ഷശില വിദ്യാകേന്ദ്രമെന്നപോലെ വലിയൊരു ബൗദ്ധതീർത്ഥാടനകേന്ദ്രവും ആയിരുന്നു.

നാളന്ദ, വിക്രമശില മുതലായ പ്രാചീനഭാരതത്തിലെ സർവകലാശാലകൾ, ഇന്നത്തെ യൂണിററി (റെസിഡെൻഷ്യൽ) യൂണിവേഴ്സിററികൾപോലെ, ഒരൊററ ഭരണകേന്ദ്രത്തിന്റെ അധികാരത്തിനുകീഴിൽ പ്രവർത്തിക്കുന്ന പല ഫാക്കൽററികൾ അടങ്ങിയവ ആയിരുന്നു. ഇവയിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചു പാർക്കുകയുംചെയ്തിരുന്നു. എന്നാൽ, തക്ഷശിലയിലെ സർവകലാശാല ഒരു കേന്ദ്രഭരണത്തിനു് ഒരിക്കലും വിധേയമായിരുന്നില്ലെന്നാണു ഗവേഷകർ കരുതുന്നതു്. യഥാർത്ഥത്തിൽ, സ്വതന്ത്രങ്ങളായ ഒട്ടേറെ പാഠശാലകളുടെ ഒരു സമാഹാരമായിരുന്നു തക്ഷശില. വെവ്വേറെ സന്ന്യാസിമഠങ്ങളാണു് ഈ പാഠശാലകൾ നടത്തിപ്പോന്നതു്. ഇവയുടെ നടത്തിപ്പിനാവശ്യമായ സ്വത്തു്, കൃഷിഭൂമിയും പണവും, രാജാക്കന്മാരോ ധനികരായ വ്യാപാരികളോ സംഭാവനയായി നൽകിപ്പോന്നു. പണ്ഡിതന്മാരായ അദ്ധ്യാപകരുടെ പരമ്പരകൾ, തങ്ങളുടെ അധികാരത്തിൽ പുറമെനിന്നുള്ള ഒരു കൈകടത്തലുമില്ലാതെ, ഈ പാഠശാലകൾ നൂററാണ്ടുകളോളം തുടർന്നു നടത്തി. പ്രാചീനലോകത്തിലെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ട 'ചരകസംഹിത' ഇങ്ങനെ തക്ഷശിലയിലെ ഒരു വൈദ്യപാഠശാലയിൽ രൂപംകൊണ്ടതാണത്രേ.

തക്ഷശിലയിൽ മണ്ണിനടിയിൽനിന്നു പുറത്തുകൊണ്ടുവരപ്പെട്ട നഷ്ടാവശിഷ്ടങ്ങളിൽ ഏററവും കുറച്ചുമാത്രം കേടുപററിയിട്ടുള്ളതു് 'ജൗലിയാൻ' എന്ന ഒരു കുന്നിൻപുറത്തുണ്ടായിരുന്ന ബൗദ്ധവിഹാരത്തിനാണു്. ക്രിസ്തുവർഷം 455–നു് അടുത്തു മദ്ധ്യേഷ്യയിൽനിന്നു് എത്തിയ ആക്രമണധാരികളായ വെളുത്ത ഹൂണന്മാർ തീവെച്ചു നശിപ്പിച്ചതെന്നു കരുതപ്പെടുന്ന ഈ ബൗദ്ധവിഹാരത്തിൽ, അദ്ധ്യാപകരും വിദ്യാർത്ഥികളും പാർത്തിരുന്ന, കല്ലുകൊണ്ടു ഭിത്തികെട്ടിയ, മുറികളുടെ മൂലകളിൽ വെള്ളം ശേഖരിച്ചുവച്ചിരുന്ന വലിയ മൺഭരണികളുടെ ഉടഞ്ഞ കഷണങ്ങൾ ഇപ്പോഴും കാണാം. ക്രിസ്തുവർഷം എട്ടാം നൂററാണ്ടിൽ, മുഹമ്മദ് ബിൻ കാസിമിന്റെയും അനുയായികളുടെയും ആക്രമണങ്ങളെ തുടർന്നു് ഉത്തരപഥത്തിൽ ഹിന്ദു–ബൗദ്ധവാഴ്ചകൾ തികച്ചും തകരുംവരെ, തക്ഷശിലയുടെ വിദ്യാഭ്യാസപാരമ്പര്യം നിലനിന്നിരുന്നുവെന്നാണു കരുതപ്പെടുന്നതു്.

തക്ഷശിലയുടെ പ്രാചീനമഹിമ പുനരുദ്ധരിക്കുവാൻ കഴിയുമോ? 'എന്റെ ജീവിതസ്വപ്നം അതാണു്'' എന്നത്രേ പാക്കിസ്ഥാനിലെ പ്രമുഖ പുരാതത്ത്വവിജ്ഞാനിയും (ആർക്കിയോളജിസ്റ്റ്) സാംസ്കാരിക ചരിത്രകാരനുമായ മിസ്റ്റർ അഹമ്മദ് ഹസൻ ദായ് പറയുന്നതു്. തക്ഷ

ശിലയിൽ സംസ്കാരങ്ങളെയും നാഗരികതകളെയും താരതമ്യപ്പെടുത്തി പഠിക്കുന്നതിനുള്ള ഒരു 'അന്താരാഷ്ട്രീയ സർവകലാശാല' സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് അദ്ദേഹം. ഈ പരിശ്രമത്തിനു സഹായമഭ്യർത്ഥിച്ചുകൊണ്ട് മിസ്റ്റർ അഹമ്മദ് ഹസൻദായ് യുനെസ്കോവിനെ സമീപിച്ചിട്ടുണ്ട്. യുനെസ്കോ ആകട്ടെ, ഇതു സംബന്ധിച്ച വിശദമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ പാക്കിസ്ഥാൻ ഗവണ്മെൻറിനോട് ആവശ്യപ്പെടുകയുംചെയ്തിരിക്കുന്നു.

തക്ഷശിലയിലെ ഉടഞ്ഞു തകർന്ന ചൈത്യങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഉടയാതെ അവശേഷിച്ച, ചുട്ട കളിമണ്ണുകൊണ്ടുള്ള, മനോഹരങ്ങളായ ബുദ്ധപ്രതിമകളുടെ മൈത്രിയും കരുണയും നിറഞ്ഞ കണ്ണുകൾ വിജ്ഞാനവും വിവേകവും തേടി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമെത്തിയ വിദ്യാർത്ഥികളെ ആയിരത്താണ്ടുകളോളം കടാക്ഷിക്കുകയുണ്ടായി. ആ കണ്ണുകളിലെ വെളിച്ചം ഇനിയും കെട്ടിട്ടില്ല. വരാനിരിക്കുന്ന വിദ്യാർത്ഥികളുടെ തലമുറകൾക്ക്, ആ വെളിച്ചത്തിനു കീഴിലിരുന്ന്, ശാക്യമുനിയുടെ അനന്തമധർമ്മമടക്കമുള്ള മനുഷ്യവർഗത്തിന്റെ പൈതൃകത്തെപ്പററി പഠിക്കുവാൻ യോഗമുണ്ടാകുമോ?

(10 ഏപ്രിൽ, 1984)

# 80. ബോറോബുദൂർ ജീർണോദ്ധാരണം

ലോകത്തിലെ ഏററവും വലിയ മുസ്ലിം രാഷ്ട്രമാണ് ഇൻഡോനേഷ്യ. ഏഷ്യാവൻകരയ്ക്കും ഓസ്ട്രേലിയയ്ക്കും നടുവിൽ, ഭൂമദ്ധ്യരേഖയുടെ ഇരുവശങ്ങളിലുമായി കിടക്കുന്ന 13,600-ലേറെ ദ്വീപുകൾ ഇൻഡോനേഷ്യയിൽപ്പെടുന്നു. ഇവർക്കെല്ലാം കൂടി 7,88,426 ച. മൈൽ വിസ്താരമുണ്ട്. 1981—ൽ ഇൻഡോനേഷ്യയിൽ പതിനാറു കോടിയോളം ജനങ്ങളുണ്ടായിരുന്നു. ഇവരിൽ തൊണ്ണൂറു ശതമാനവും മുസ്ലിങ്ങളാണ്. ക്രിസ്ത്യാനികൾ അഞ്ചു ശതമാനത്തോളമുണ്ട്. ശേഷിച്ചവരിൽ ഒട്ടേറെപ്പേർ പ്രാകൃത മതങ്ങളിൽ വിശ്വസിക്കുന്നു. വളരെ ചെറിയ ഒരു ന്യൂനപക്ഷമാണു ഹിന്ദുക്കൾ. ഇൻഡോനേഷ്യയിൽ ഇപ്പോൾ ബൗദ്ധർ ഇല്ലെന്നുതന്നെ പറയാം.

ഇൻഡോനേഷ്യൻ ദ്വീപുകളിൽ പ്രധാനപ്പെട്ടവ സുമാത്ര, ജാവ, ബോർണിയോ (ഇതിനെ ഇൻഡോനേഷ്യക്കാർ 'കളിമന്തൻ' എന്നു വിളിക്കുന്നു) സെലിബീസ്, ടിമോർ, ചേരം, ഇരിയൻജയ എന്നിവയാണ്. മലയിൽനിന്നു മലാക്കാ കടലിടുക്കിനാൽ അകററപ്പെട്ട് സുമാത്ര ദ്വീപു കിടക്കുന്നു. സുമാത്രയുടെ തെക്കുഭാഗത്തുനിന്നു തുടങ്ങി, കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ജാവയിലാണ് തലസ്ഥാനമായ ജക്കാർത്ത. സുമാത്രയുടെ കിഴക്കുഭാഗത്തു കിടക്കുന്ന ബോർണിയോ ലോകത്തിലെ മൂന്നാമത്തെ വലിയ ദ്വീപാണ്. ബോർണിയോവിനും കിഴക്ക് ക്രമത്തിൽ സെലിബീസ്, ചേരം, ഇരിയൻജയ എന്നീ ദ്വീപുകൾ കിടക്കുന്നു.

ജാവയുടെ കിഴക്കേ അററത്തുള്ള 'ബാലി' എന്ന ദ്വീപിലും അതിനും കിഴക്കുള്ള ലൊംബോക്ക് ദ്വീപിന്റെ പടിഞ്ഞാറുഭാഗത്തും ജനങ്ങൾ ഇപ്പോഴും ഹിന്ദുമതവിശ്വാസികളാണ്. ഇവരുടെ മതം, പക്ഷേ, ഇന്ത്യയിലെ ഹിന്ദുമതത്തിൽനിന്ന് അല്പം വ്യത്യസ്തമാകുന്നു. പ്രാകൃത വിശ്വാസങ്ങളും പ്രേതാരാധനയും പ്രകൃത്യാരാധനയുമെല്ലാം കൂടിക്കലർന്നതാണ് ബാലിയിലെ ഹിന്ദുമതം. ആയിരക്കണക്കിനു ഹിന്ദുക്ഷേത്ര